പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3406 | 14/07/2015-ൽ മറുപടിയ്ക്ക്

## ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. എഫ്. തോമസ് : | | ശ്രീമതി. പി. കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിനും അവ യഥാസമയം നല്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സ.ഉ.(കൈ) നം.6/12/പജപവവിവ. തീയതി 11/01/2012 പ്രകാരമാണ് നല്കി വരുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലെ നിരക്കിലുള്ള വിദ്യഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. പോസ്റ്റ് മെട്രിക് തലത്തിലുള്ള ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖേന ഓൺ ലൈൻ ആയി നല്കുന്നതിനാൽ ആയത് യഥാസമയം കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചില കേസ്സുകളിൽ ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ ആധാർ നമ്പർ, അക്കൗണ്ട് നമ്പർ, ബാങ്ക് ഐ.എഫ്.എസ്.സി. കോഡ് തുടങ്ങിയവയിലേതിലെങ്കിലും അപാകതയുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ് ഗ്രാന്റ് ലഭിക്കാൻ വൈകുന്നത്. ആയത് പരിഹരിച്ച് യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്